# ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് കാര്യാലയം

**ISO 9001:2015**

**ചേമഞ്ചേരി (പി.ഒ)കോഴിക്കോട് ജില്ല   ഇമെയ്ൽ chemancherygp@gmail.com, 0496-2687041**

സ്ഥിരം അദാലത്ത് സമിതിയിലേക്ക് ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ ശ്രീമതി അസ്മ നടുക്കണ്ടി എന്നവർ സമർപ്പിച്ച നിവേദനത്തിന് താഴെ പറയും പ്രകാരം മറുപടി സമർപ്പിക്കുന്നു.

ശ്രീമതി അസ്മ നടുക്കണ്ടി എന്നവർ 5/1/2023 തിയ്യതിയിൽ കെട്ടിട നിർമ്മാണ പെർമിറ്റിനായി സമർപ്പിച്ച അപേക്ഷയിൽ ന്യൂനതകൾ അറിയിച്ചുകൊണ്ട് ഈ ഓഫീസിൽ നിന്നും അറിയിപ്പ് നൽകിയതാണ്. പലതവണ ന്യൂനത അറിയിച്ചിട്ടും പരിഹരിക്കാത്ത സാഹചര്യത്തിൽ LSGD എഞ്ചിനീയറിംഗ് വിഭാഗം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ നിരസിച്ചിരുന്നു.

എന്നാൽ അപേക്ഷക, ബഹു.തദ്ദേശ അദാലത്തിന്റെ മുന്നോടിയായി ഈ പഞ്ചായത്തിൽ നടത്തിയ അദാലത്തിൽ ഹാജരാവുകയും വിദേശത്തായതിനാലാണ് യഥാസമയം ന്യൂനത പരിഹരിച്ച് അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്നതെന്നും ഒരു തവണകൂടി സങ്കേതം അപേക്ഷ റിട്ടേൺ ചെയ്ത് തരുന്നതിന് അപേക്ഷിക്കുകയും ചെയ്തിരുന്നു.

അദാലത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷയിലെ ന്യൂനത പരിഹരിക്കുന്നതിന് ഒരു തവണ കൂടി അന്തിമമായി സങ്കേതം അപേക്ഷ ഇതിനകം തന്നെ റിട്ടേൺ ചെയ്ത് നൽകിയിട്ടുള്ളതാണ്. പ്രസ്തുത വിവരം ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയറെ അറിയിച്ചിട്ടുള്ളതുമാണ്. അപേക്ഷ പുന:സമർപ്പിക്കുന്ന മുറയ്ക്ക് നിയമാനുസൃതം തീരുമാനം കൈക്കൊള്ളുന്നതാണെന്ന് ബോധിപ്പിക്കുന്നു.

Chemanchery Grama Panchayath * P.O. Chemanchery-673 304 * Kozhikode.Dt.

ANIL KUMAR.T
Secretary
Chemanchery Grama Panchayath